# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-10/60/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-10/60/2022 തീയ്യതി: 19/03/2022

# ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 06-01-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-12-2021 | 06-01-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എൽസമ്മ.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീ.ജയകൃഷ്ണ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാക്വലിൻ.പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ജോസഫ് സേവ്യർ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അമ്പിളി റ്റി ജോസ് | പ്രസിഡന്റ് | 24-12-2020 | 31-03-2022 |
| കെ സുജാത | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജയന്ത് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.മധു | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ സ്മിതാ സി എസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| റോസിലിൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ വിത്തവൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ ജോർജ്ജ് എം വർഗ്ഗീസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുൾ ഖാദർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ റോഷൻ ആന്റണി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി രാജി ആർ നായർ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.നിഖിൽ.ആർ.പിള്ള | കൃഷി ഓഫീസർ | 01-04-2020 | 10-06-2020 |
| | | 16-03-2021 | 31-03-2021 |
| ശ്രീമതി.അനില.എം.എ | കൃഷി ഓഫീസർ | 10-06-2020 | 16-03-2021 |

01.12.2020 മുതൽ 23.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം | 1-10 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിട്ടില്ല. | 1-11 |
| 12 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 1-12 |
| 13 | ന്യൂട്രിമിക്സിന് ജി എസ് ടി ഈടാക്കി | 1-13 |
| 14 | തനത് ഫണ്ട് ചെലവുകൾ അപാകത | 1-14 |
| 15 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -- നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 1-15 |
| 16 | ലൈഫ് ഭവന പദ്ധതി -അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-16 |
| 17 | പൊതുടാപ്പുകൾ വഴി കുടിവെള്ളം ലഭ്യമല്ല, ഉപയോഗിക്കാത്ത കുടിവെള്ളത്തിന്റെ കരം ഇനത്തിൽ ലക്ഷങ്ങളുടെ ബാധ്യത | 1-17 |
| 18 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി ഈടാക്കുന്നില്ല | 1-19 |
| 20 | ടാർ വീപ്പയുടെ വില ഈടാക്കാതെ വന്നു, ജി.എസ്.ടി ഉൾപ്പെടുത്തിയില്ല-തുക തിരികെ ഈടാക്കി-ഓഡിറ്റ് ഇംപാക്ട് | 1-20 |
| 21 | ലൈബ്രറിസെസ് | 1-21 |
| 22 | പൊതുമരാമത്ത് പ്രവർത്തികളിലെ പൊതുവായ അപാകതകൾ | 1-22 |
| 23 | ഡിസ്പ്ലേ ബോർഡുകൾ-ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല | 1-23 |
| 24 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം | 1-24 |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-25 |
| 26 | കോവിഡ് - അവലോകനം | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

09/03/2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1452300 | 150456456 |
| വാർഷികകണക്ക് പ്രകാരം | 96234333.98 | 79081168 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|
| 31.07.2021 | 25.06.2021 | 09.11.2021 |

വാർഷിക കണക്ക് യഥാസമയം ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സാക്ഷ്യപ്പെടുത്തുന്നില്ല. 2020-21ലെ വാർഷിക കണക്കും ഡെപ്പോസിറ്റ് രജിസ്റ്ററുമായി ചുവടെ ചേർക്കുന്ന ഇനങ്ങളുടെ നീക്കിയിരിപ്പിൽ വ്യത്യാസം കാണുന്നുഃ

| ഇനം | എ.എഫ്.എസ്, B-7 പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Contractors Earnest Money Deposit | 36925 (മുൻവർഷത്തെ എ.എഫ്.എസ് തുക തന്നെയാണ് ഇത്) | രേഖപ്പെടുത്തലില്ല |
| Election Deposit(Candidate) | 38500 | രേഖപ്പെടുത്തലില്ല |

2. Loans Advances And Deposits എന്ന ഹെഡിൽ B18-നീക്കിയിരിപ്പിലെ തുകകൾ ഒന്നും തന്നെ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ലെന്ന് കാണുന്നു.

3. Balance Sheet, B-5പ്രകാരം, സെക്യൂർഡ് ലോൺസ് ഇനത്തിലെ ബാധ്യത 16941666/-രൂപയാണ്. എന്നാൽ ലോൺ രജിസ്റ്ററിൽ ലോൺ ബാധ്യതാ വിവരങ്ങൾ വാർഷികമായി കണക്കാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആകെ ലോൺ, തിരിച്ചടവ്, അടയ്ക്കാൻ ബാക്കിനില്പുള്ള തുക എന്നിവ കൃത്യമായി കണക്കാക്കി രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട്.

4. ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ പാസ്സ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ ലഭ്യമാക്കിയിട്ടില്ലഃ

| അക്കൌണ്ട് | എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| Nationalised Bank-Canara Own Fund | 6935754.8 | 6908737.3 |
| Canara Bank Harithakarmasena | 171334 | 224683.7 |
| Sbi Own Fund E Payment | 310561 | പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Dist.Co Op RO Plant | 42050.96 (മുൻവർഷത്തെ തുക ആവർത്തിച്ചു) | പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Treasury Own Fund VPFA1-2 | 23750 | പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Treasury Tsb A/C | 44750 | പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |

| | | |
|---|---|---|
| Treasury Account Covid | 381025 | പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Treasury Sb Account | 229.72 | പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Treasury Special Tsb Joint Venture | 1000000 | പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |

5. ചുവടെ ചേർക്കുന്ന അക്കൌണ്ടുകളിൽ വർഷങ്ങളായി പലിശയിനത്തിൽ പോലും വരവ് വരുന്നതായോ എന്തെങ്കിലും ഇടപാടുകൾ നടക്കുന്നതായോ കാണുന്നില്ല. 2018-19ലെ നീക്കിയിരിപ്പ് തുക തന്നെയാണ് 2020-21ലും കാണുന്നത്. നിഷ്ക്രീയമായ പക്ഷം ടി അക്കൌണ്ടുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

എ).Dist.Co-Op Bank, RO Plant, Rs.42050.96/-

ബി.Treasury Sb Account, Rs.229.72/-

6. MNREGs ൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തൻവർഷ ചെലവ് 588.98ലക്ഷം രൂപയാണ്. ഇത് I-6ലെ കണക്കുമായി (58032686രൂപ)പൊരുത്തപ്പെടുന്നില്ല.

7. Balance Sheet, B-4ഷെഡ്യൂളിൽ മുൻവർഷത്തെ നീക്കിയിരിപ്പ് തന്നെയാണ് ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് സംയുക്തപ്രോജക്റ്റുകൾക്കായുള്ള ബാധ്യത കാണുന്നത്, (യഥാക്രമം 718019/-രൂപ, 460347/-രൂപ വീതം) സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. വിവിധ തനത് വരവ്(ടാക്സ്, നോൺടാക്സ്) ഇനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയത്, കുടിശ്ശിക ഡിമാന്റ്, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9. ആസ്തിരജിസ്റ്റർ കാലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21655290.98 |
| വരവ് | 74579043 |
| ആകെ | 96234333.98 |
| ചെലവ് | 79081168 |
| നീക്കിയിരിപ്പ് | 17153165.98 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | സ്രോതസ്സിൽ കുറവ് ചെയ്തത് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 22890341 | 2733659 | 25624000 | 25243614 | 380386 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 2414373 | 14628 | 2429001 | 2359816 | 69185 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 105000 | 0 | 105000 | 0 | 105000 |
| മെയിന്റനൻസ് ഫണ്ട് –റോഡ് | 0 | 2475000 | 0 | 2475000 | 2474219 | 781 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 4866277 | 0 | 4866277 | 4200550 | 665727 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied | 0 | 13296604 | 0 | 13296604 | 6894061 | 6402543 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 6800000 | 0 | 6800000 | 1654342 | 5145658 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ/എസ്.സി.പി ഇനങ്ങളിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ്

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | സ്രോതസ്സിൽ കുറവ് ചെയ്തത് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| ചെയ്തത് കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി വ്യത്യാസമുണ്ട്. | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 55677108 | 121 | 42569290 | 15 | 32 | 72 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 112 | 26031826 | 26031938 | 25124211 | 907727 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 35132408 | 35132408 | 35132408 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16560 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 29066400 | 1546 |
| വിധവാപെൻഷൻ | 11563600 | 622 |
| വാർദ്ധക്യകാലപെൻഷൻ | 20824600 | 1153 |
| വികലാംഗപെൻഷൻ | 6562400 | 352 |
| അവിവാഹിത പെൻഷൻ | 180000 | 36 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11391/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഏറെക്കുറെ തൃപ്തികരമാണെങ്കിലും പല പോരായ്മകളും കാണുന്നു.

1. പഞ്ചായത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ചേർക്കുന്നതിനായുള്ള ഇങ്കുംപൻസി രജിസ്റ്റർ വച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല. മുഴുവൻ ജീവനക്കാരുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2. ജീവനക്കാരുടെ സേവന പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഈ ജീവനക്കാർ ഏതു തീയതിയിലാണ് പഞ്ചായത്തിൽ വന്നതെന്നോ സെക്രട്ടറി ഇത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതെന്നാണെന്നോ ചേർത്തിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല മുഴുവൻ ആസ്തികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല
4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല

തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മൊബൈൽ ടവർ വസ്തുനികുതി -കുടിശ്ശിക ഈടാക്കണം

പഞ്ചായത്ത് പരിധിയിൽ ആകെ 2 മൊബൈൽ ടവറുകൾ ഉള്ളതിൽ 1 എണ്ണത്തിന് കുടിശ്ശികയില്ലാതെ വസ്തുനികുതി ഈടാക്കുന്നു. ബി.എസ്.എൻ.എൽ ടവറിന്റെ 2016-17 മുതലുള്ള കുടിശ്ശിക നിലനിൽക്കുന്നു.ഈ ടവറിന്റെ അസസ്മെന്റ് നടത്തിയിരുന്നില്ല. അസസ്മെന്റ് നടത്തി 6 ച.മി. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് കുടിശ്ശിക ഉൾപ്പെടെ 2552/-രൂപ ലൈബ്രറി സെസ് സഹിതം 2016-17 മുതൽ നികുതി അടയ്ക്കണം എന്നാവശ്യപ്പെട്ട് കത്ത് നൽയിട്ടുള്ളതായി ഓഡിറ്റ് അന്വേഷണം - 9/19-20 തീയതി, ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിട്ടില്ല.

2020-21 വർഷത്തെ തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | സെന്റ് ജോസഫ് എൽ.പി/യു.പി സ്ക്കൂൾ, കായൽപുറം | 2 |
| 2 | വില്ലേജ് ഓഫീസ്, പുളിങ്കുന്ന് | 2 |
| 3 | സിഡിഎസ് | 2 |
| 4 | മാവേലി സ്റ്റോർ, പുളിങ്കുന്ന്. | 1&2 |
| 5 | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ | 1&2 |
| 6 | റേഷൻ കടകൾ | |

B) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1.മാവേലി സ്റ്റോർ, പുളിങ്കുന്ന്.

2.ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

ഈ സ്ഥാപനത്തിന്റെയും സ്ഥാപനത്തിലെ ജീവനക്കാരുടേയും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ 05.01.2022-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2017-18 വർഷം മുതൽ 2020-21 വർഷം വരെ ഇപ്രകാരം ഒടുക്കിയ തുകകളുടെ വിശദാംശം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|---|
| 2017-18 | 29 | 46880 |
| 2018-19 | 3 | 6900 |
| 2019-20 | 11 | 34630 |
| 2020-21 | 33 | 48944 |
| | ആകെ തുകഃ | 137354/-രൂപ |

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ നടപടികൾ സ്വീകരിക്കുകയും നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

## 1-13 ന്യൂട്രിമിക്സിന് ജി എസ് ടി ഈടാക്കി

*കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം 66 ക്ലോസ് (B)(Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത ടെൺ സ്റ്റാർ*

*അമൃതം ഫുഡ് സപ്ലിമെന്റ് യൂണീറ്റിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിവരം താഴെകൊടുക്കുന്നു.*

| ക്രമ നം. | ന്യൂട്രിമിക്സിന്റെ ബിൽ നമ്പർ | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 117/25.3.20 | 46665 | 2142 | 2/2020-21-112582/- |
| 2 | 123/23.4.20 | 65917 | 3025 | 2/2020-21-112582/- |
| 3 | 132/26.5.20 | 74725 | 3736.25 | 4/2020-21-74725- |
| 4 | 138/27.7.20 | 76860 | 3528 | 7/2020-21-343830/- |
| 5 | 157/27.8.20 | 77126 | 3540 | 8/2020-21-312974/- |
| 6 | 146/29.7.20 | 66565 | 3055 | 8/2020-21-312974/- |

വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(18/5.1.2022)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. *അമൃതം ന്യൂട്രിമിക്സിന് തുക അനുവദിക്കുമ്പോൾ ജി.എസ്.ടി ഒഴിവാക്കി തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.*

## 1-14 തനത് ഫണ്ട് ചെലവുകൾ അപാകത

1(A). ഗ്രാമപഞ്ചായത്തിൽ ഭരണസമിതി അംഗങ്ങളുടെ കസേരകളിൽ ഇടുന്നതിനും ഓഫീസിലെ മേശ വിരിക്കുന്നതിനുമായി 50 ടൌവ്വലുകൾ വാങ്ങുന്നതിനായി 23900 - *രൂപ* (478x50) *(*വൌച്ചർ നം. 220007801.03.21) ചെലവഴിച്ചിട്ടുണ്ട്. ആയവ സ്റ്റോക്കിലെടുക്കുകയോ നാളിതുവരെയായിട്ടും ഉപയോഗിക്കുകയോ ഉണ്ടായിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. വാങ്ങിയ ടൌവ്വലുകൾ ഉപയോഗപ്പെടുത്താതെ സ്റ്റോർ റൂമിൽ സുക്ഷിച്ചിരിക്കുന്നതായി ഭൌതിക പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശമായതിനാൽ ഇത്തരം സാധനങ്ങൾ നശിച്ചുപോകാനുള്ള സാധ്യത ഏറെയാണ്. ആകയാൽ വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കാനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1 (B) വൌച്ചർ നം 22000861/18.03.21 പ്രകാരം കോൺഫറൻസ് ഹാളിലേക്ക് ഫാൻ വാങ്ങുന്നതിനായി 14480/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫാൻ സ്റ്റോക്കിലെടുക്കുകയുണ്ടായിട്ടില്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്നാണ് സ്റ്റോക്കിലെടുത്തത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(എൻക്വയറി നം 10/4.01.22)

2. ധനകാര്യവിഭാഗത്തിന്റെ സർക്കുലർ നം 41/2008/ധന.02/08/2008 പ്രകാരം സർക്കാർ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാവർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. ഇന്ധനത്തെയും അറ്റകുറ്റപ്പണികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച് മാസം തോറുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള രേഖപ്പെടുത്തൽ വരുത്തിയതായും ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതിന്റെയും വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇന്ധനക്ഷമത ടെസ്റ്റിന് കത്തയെച്ചെങ്കിലും തുടർ നടപടിയൊന്നും ഉണ്ടായില്ല എന്ന് അറിയിക്കുകയുണ്ടായി. വാഹനങ്ങളുടെ സൂക്ഷിപ്പ് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി -- നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - 65/21

അടങ്കൽ - 500000/-(വികസനഫണ്ട് എസ് സി പി)

- 800000/- (ജില്ലാപഞ്ചായത്ത് വിഹിതം)

വി ഇ ഒ നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തികരിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ വിവരങ്ങൾ |
|---|---|---|
| കുഞ്ഞുമോൾ | 100000/- | 95000/28.9.20<br>50000/11.12.19 |
| വേണുഗോപാൽ | 150000/- | 50000/3.11.20 |

| | | |
|---|---|---|
| | | 100000/7.01.21<br>50000/11.3.21 |
| ബിജു | 150000/- | 50000/20.10.20<br>100000/7.01.21<br>50000/11.3.21 |

പഠനമുറി നിർമ്മാണം പൂർത്തികരിക്കാതിരുന്നതിന്റെ കാരണങ്ങളും ആയതിൻമേൽ സ്വീകരിച്ച നടപടികളുടെയും വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/03.01.22) ലഭ്യമാക്കിയ മറുപടിയിൽ കോവിഡും വെള്ളപ്പൊക്കവും മൂലമാണ് പഠനമുറി നിർമ്മാണ പ്രവൃത്തിക്ക് താമസം നേരിട്ടതെന്ന് അറിയിക്കുകയുണ്ടായി. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. തുക 400000/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-16 ലൈഫ് ഭവന പദ്ധതി -അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല</u>

'പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിലെ ഫയൽ, വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി 40,000 രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു ആനുകൂല്യം നൽകിയിട്ടില്ല. ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തിയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ അഡ്വാൻസ് കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ നിർമ്മാണം ആരംഭിക്കുകപോലും ചെയ്തിട്ടില്ല. അഡ്വാൻസ് നൽകിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കുവാനും അല്ലാത്ത പക്ഷം കരാറിൽ പരാമർശിച്ച പ്രകാരം അഡ്വാൻസ് നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം./പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ/ ഓർഡർ നം. തീയതി |
|---|---|---|---|---|
| 1 | 24/21 | സോമൻ കമ്മാഡിയിൽ | 40000 | 270/19.3.20 |
| 2 | 24/21 | സിന്ധു ആർ രമാലയം | 40000 | 302/27.3.21 |
| 3 | 24/21 | സോമശേഖര പണിക്കർ ചെറിയ മഠത്തിൽ | 40000 | 114/16.10.20 |
| 4 | 30/21 | ഷാനിയ പ്രദീപ് അറുപതിൽച്ചിറ | 225000 (Land Purchase) 40000/- | 115/16.10.20 |

ഈ വിഷയം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (8/03.01.22)ഹാജരാക്കിയ മറുപടിയിൽ വെള്ളപ്പൊക്കവും കോവിഡും കാരണമാണ് വീട് നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കാഞ്ഞതെന്ന് നിർവ്വഹണോദ്യഗസ്ഥൻ അറിയിക്കുയുണ്ടായി. അഡ്വാൻസ് നൽകിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾ പ്രവർത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കുവാനും അല്ലാത്ത പക്ഷം കരാറിൽ പരാമർശിച്ച പ്രകാരം അഡ്വാൻസ് നൽകിയ തുക 12% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-17 പൊതുടാപ്പുകൾ വഴി കുടിവെള്ളം ലഭ്യമല്ല, ഉപയോഗിക്കാത്ത കുടിവെള്ളത്തിന്റെ കരം ഇനത്തിൽ ലക്ഷങ്ങളുടെ ബാധ്യത</u>

2017 ന് ശേഷം വാട്ടർ അതോറിറ്റിയുടെ മെയിൻ ലൈൻ തകരാറിലായതിനെതുടർന്ന് നിലവിലുണ്ടായിരുന്ന 94 ടാപ്പുകളിൽ 17 ടാപ്പുകളിൽ മാത്രമാണ് ശുദ്ധജലം ലഭിച്ചിരുന്നത്. എന്നാൽ ഈ ടാപ്പുകളിലൂടെയും കുടിവെള്ളം ലഭ്യമാകാത്തതിനെ തുടർന്ന് 17.4.20 ലെ സ്റ്റിയറിംഗ് കമ്മറ്റി ഈ ടാപ്പുകൾ വിച്ഛേദിക്കുവാൻ തീരുമാനിക്കുകയും ഈ വിവരം വാട്ടർ അതോറിറ്റിയെ അറിയിക്കുകയുമുണ്ടായി. തുടർന്ന് വാട്ടർ അതോറ്റിയുമായി സംയുക്തപരിശോധന നടത്തുകയുണ്ടായെങ്കിലും പരിശോധന റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം പ്രതിമാസം 7810/- രൂപ നിരക്കിൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് ലഭ്യമാകുന്നുണ്ട്. ടാപ്പുകൾ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ലാത്തതിനാലും പൊതുജനങ്ങൾക്ക് പ്രയോജനമില്ലാത്തതിനാലും വാട്ടർ അതോറിറ്റിയുടെ പ്രതിമാസമുള്ള 7810/- നിരക്കിലെ ബില്ലുകൾ ഒടുക്കേണ്ടതില്ല എന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുള്ളതാണ്. 2021 ഒക്ടോബർ മാസത്തെ ബില്ല് പ്രകാരം അടാക്കാനുള്ള തുക 4016515/- പിഴ 78788/- തൻമാസത്തെ ഡിമാന്റ് 7810/- എന്നിങ്ങനെയാണ്. ഉപയോഗിക്കാത്ത കുടിവെള്ളത്തിനാണ് ഇത്രയും തുക കുടിശ്ശിക വരുന്നത്.

ഭീമമായ തുക ബാധ്യതയായി നിലനിൽക്കുമ്പോഴും പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി മറ്റ് മാർഗ്ഗങ്ങളെയാണ് ആശ്രയിക്കുന്നത്. വരൾച്ചാകാലമാകുമ്പോൾ ലോറികളിലും വള്ളങ്ങളിലും പഞ്ചായത്ത് തന്നെ ശുദ്ധജലം എത്തിച്ച് കൊടുക്കുകയാണ് പതിവ്. എന്നാൽ എല്ലാ പ്രദേശങ്ങളിലും എത്തിക്കാൻ കഴിയാറില്ല. ഇതിനായി തനത് ഫണ്ടിൽ നിന്നും ഉയർന്ന തുക ചെലവാകുന്നുണ്ട്. പ്രാദേശികമായ അന്വേഷണത്തിൽ ജനങ്ങൾ കുടിവെള്ളം വില കൊടുത്ത് വാങ്ങാറുള്ളതായി അറിഞ്ഞിട്ടുണ്ട്. താരതമ്യേന വരുമാനം കുറഞ്ഞ ജനങ്ങൾക്ക് കുടിവെള്ളവും വിലകൊടുത്ത് വാങ്ങുന്നത് അവരുടെ അടുക്കള ബഡ്ജറ്റിനെ തന്നെ സാരമായി ബാധിക്കുന്ന ഒന്നാണ്. വെള്ളക്കരമിനത്തിൽ ബില്ലുകൾ മുറയ്ക്ക് ലഭിക്കുകയും എന്നാൽ ടാപ്പുകൾ കേവലം നോക്കുകുത്തികലായി വർത്തിക്കുകയും ചെയ്യുന്നു എന്നതാണ് നിലവിലെ അവസ്ഥ. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 1-18 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ 27 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 16 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്. 11 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഇല്ല.

കുടിവെള്ളം വിലയ്ക്കു വാങ്ങുകയാണ്.

ടോയ്‌ലറ്റ്- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഒന്നിനും ഇല്ല.

വൈദ്യുതി- എല്ലാ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- 15 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എല്ലാ അങ്കണവാടികൾക്കും ഉണ്ട്

11 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം.3105/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി ഈടാക്കുന്നില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ 2% ജി.എസ്.ടി. റ്റി.ഡി.എസ് (ഉത്ഭവത്തിൽ നിന്നും നികുതി കുറവ്) ചെയ്യണമെന്നിരിക്കെ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. , റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| നം. | കരാറുകാരൻ | ഗ്രാമീണ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാതകളുടെ നിർമ്മാണ പ്രവർത്തികൾ | എം.ബുക്ക് നം. | വാർഡ് നം | കരാറകാരനു നൽകിയ തുക | ഈടാക്കേണ്ട ജി.എസ്.റ്റി. |
|---|---|---|---|---|---|---|
| 1 | ജോഷി വർഗീസ് | വളാഞ്ചേരി-പ്ലാത്താനം റോഡ് കോൺക്രീറ്റിംഗ് | 49/20-21 | 4 | 549408 | 10988 |
| 2 | ജോഷി വർഗീസ് | പുത്തൻപറമ്പ്-ചാത്തൻപറമ്പ്റോഡ് കോൺക്രീറ്റിംഗ് | 67 | 10 | 803191 | 16063 |
| 3 | ജോഷി വർഗീസ് | മംഗലപ്പള്ളി പരുത്തിക്കൽ റോഡ് | 78 | 10 | 526174 | 10523 |

| | | | | | | |
|---|---|---|---|---|---|---|
| | | കോൺക്രീറ്റിംഗ് | | | | |
| 4 | | റോഡ്മുക്ക് പഞ്ചായത്ത് റോഡ് കോൺക്രീറ്റിംഗ് | 60 | 7 | 875386 | 17507 |
| 5 | ശ്യാംകുമാർ.വി.സി | പുത്തൻപറമ്പ് വിവേകാനന്ദ ജം.റോഡ് കോൺക്രീറ്റിംഗ് | 123 | 16 | 922769 | 18455 |
| 6 | ജറിൻ സെബാസ്റ്റ്യൻ | കൈതപ്പറമ്പ് കോറോത്ര റോഡ് കോൺക്രീറ്റിംഗ് | 317 | 2 | 399143 | 7982 |
| 7 | ജോഷി വർഗീസ് | Sndp-കാളാശ്ശേരി റോഡ് കോൺക്രീറ്റിംഗ് | 112 | 4 | 1256865 | 25137 |
| 8 | ടി | പഴേകാട് പള്ളി കൊരട്ടി ജം. റോഡ് കോൺക്രീറ്റിംഗ് | 56 | 5 | 444800 | 8896 |
| 9 | ജറിൻ സെബാസ്റ്റ്യൻ | അരിക്കുടി ജം-സ്രാമ്പിക്കൽ റോഡ് കോൺക്രീറ്റിംഗ് | 310 | 10 | 292361 | 5847 |
| 10 | ഔസപ്പ് കുര്യൻ | വേണാട്ട്കാട് പാലം-കുളങ്ങര മഠം ചിറ കല്ലുകെട്ട് | 46 | 1 | 1026485 | 20529 |
| 11 | റോണി.എം.ജോസ് | കണിയാംപറമ്പ് കൊച്ചുപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 83 | 12 | 516594 | 10331 |
| 12 | ജോഷി വർഗീസ് | കാളാശ്ശേരിൽ പത്തിൽപാലം | 80 | 4 | 1236266 | 24725 |
| | | | | | | 176983 |

കരാറുകാരിൽ നിന്ന് ജി.എസ്.ടി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-20 ടാർ വീപ്പയുടെ വില ഈടാക്കാതെ വന്നു, ജി.എസ്.ടി ഉൾപ്പെടുത്തിയില്ല-തുക തിരികെ ഈടാക്കി-ഓഡിറ്റ് ഇംപാക്ട്

എ)2020-21 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ മരാമത്ത് പ്രവർത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെചേർക്കുന്നു.

1)ആറാം വാർഡിൽ ഗുരു ജം. മുതൽ കടത്തുകടവ് വരെ റോഡ് റീ ടാറിംഗ്(പ്രോജക്ട് നം.എസ്സ്ഒ 189/21). കരാറുകാരൻ: ജോഷി വർഗീസ്

ഉപയോഗിച്ച ടാറിന്റെ അളവ്/കുറയേക്കണ്ട ബാരലിന്റെ എണ്ണം -

VG-30-1262.47kg - 08

RS1 - 138kg - 01

SS1 - 166kg - <u>01</u>

ആകെ- 09

ഈടാക്കേണ്ട തുക(1 ബാരലിന് 250/- രൂപയും 18% GST യും ഉൾപ്പെടെ -

295 X10 = 2950/- രൂപ

2)വാർഡ്8-ൽ പാക്കള്ളി മുതൽ നെൽത്തുരുത്തിവരെ വഴിനിർമ്മാണം,പ്രോ.നം.60/21 കരാറുകാരൻ: ജോഷി വർഗീസ്.

ഉപയോഗിച്ച ടാറിന്റെ അളവ്/കുറയേക്കണ്ട ബാരലിന്റെ എണ്ണം -

VG-30-1262.47kg - 07

RS1 - 138kg - 01

SS1 - 166kg - <u>02</u>

ആകെ- 10

ഈടാക്കേണ്ട തുക 1 ബാരലിന് 250/- രൂപയും 18% GST യും ഉൾപ്പെടെ -

295 X10 = 2950/- രൂപ

3)കണിയാമുക്ക് മുതൽ കൊച്ചാലുംമൂട് വരെ പുനരുദ്ധാരണം, വാർഡ്14.പ്രോജ.നം.63/21, കരാറുകാരൻഃ ശ്യാംകുമാർ

ഉപയോഗിച്ച ടാറിന്റെ അളവ്/കുറയേക്കണ്ട ബാരലിന്റെ എണ്ണം -

VG-30- 1820kg - 12

RS1 - 200kg - 1

SS1 - 545kg - 3

ആകെ- 16

ഈടാക്കേണ്ട തുക 1 ബാരലിന് 250/- രൂപയും 18% GST യും ഉൾപ്പെടെ -

295x16= 4720/-രൂപ

മേൽ പ്രവർത്തികളിലായി ആകെ തുക 10620/-അധിക ചെലവ് വന്നു.

ബി)ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വിലയ്ക്കൊപ്പം ജി.എസ്.ടി 18% ഉൾപ്പെടുത്താതെ കുറവ് ചെയ്ത് തുക നൽകി, രൂ. 3735/-അധിക ചെലവുണ്ടായി.

| ക്രമ നം. | പ്രോജക്ട് | കാലിവീപ്പയുടെ തുക 250/- നിരക്കിൽ ഈടാക്കിയത് | ജി.എസ്.ടി ഉൾപ്പെടെ 295/- നിരക്കിൽ ഈടാക്കേണ്ടത് | ഈടാക്കുന്നതിൽ കുറവ് വന്നത് |
|---|---|---|---|---|
| 1 | നം.31/21, മുണ്ടുചിറ മുതൽ ന്യൂബസാർ വരെ റോഡ് റീടാറിംഗ്, കരാറുകാരൻഃ ജെറിൻ സെബാസ്റ്റ്യൻ | 43ബാരലിന് 10750/- | 12685 | 1935 |
| 2 | നം.62/21, വലിയപള്ളി മുതൽ സർക്കിൾ ഓഫീസ് വരെ പുനരുദ്ധാരണം, വാർഡ്11 കരാറുകാരൻഃ ജെറിൻ സെബാസ്റ്റ്യൻ | 40ബാരലിന് 10000/- | 11800 | 1800 |
| | | | ആകെഃ | 3735/- |

ടി വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണങ്ങളെത്തുടർന്ന്(നം.15&16/05.01.2022)മേൽ പരാമർശിച്ച പ്രകാരം കുറവ് വന്ന ആകെ തുക 14355/- ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കിയ വിവരം അസിസ്റ്റന്റ് എഞ്ചിനീയർ 06.01.2022-ൽ ബോധ്യപ്പെടുത്തി.

## 1-21 ലൈബ്രറിസെസ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും ഒടുക്കേണ്ടതാണ് (സർക്കുലർ നം.10088/എൽ 3/05/തസ്വഭവ തീയതി.20.09.2005). ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് ടി സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ധനകാര്യപത്രികയുടെ ബി9 ഷെഡ്യൂളിൽ 31.3.2021ൽ 1,61,637/- രൂപ നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കു വരുത്താതിരുന്നതിനുള്ള കാരണം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവർത്തികളിലെ പൊതുവായ അപാകതകൾ

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച പ്രോജക്ട് ഫയലുകളിലും അനുബന്ധ രേഖകളിലും കാണുന്ന പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1.1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടേയില്ല.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ടുന്ന തീയതി രേഖപ്പെടുത്തുന്നില്ല.

4. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5.മോണിട്ടറിംഗ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

## 1-23 ഡിസ്പ്ലേ ബോർഡുകൾ-ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല

തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ പദ്ധതികളുടെ ഭാഗമായുള്ള ഡിസ്പ്ലേ ബോർഡുകൾക്ക് 4000/-നിരക്ക് നല്കിക്കാണുന്നു. മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാർ തന്നെ ഡിസ്പ്ലേ ബോർഡും ചെയ്യുന്നതായാണ് കാണുന്നത്. ഡിസ്പ്ലേ ബോർഡുകൾക്ക് പ്രത്യേകം ടെണ്ടർ ക്ഷണിച്ചുകൊണ്ട് ടി ഇനത്തിലെ ചെലവ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## 1-24 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം

സാമ്പത്തിക വർഷം ആക്ഷൻ പ്ലാൻ പ്രകാരം ആകെ 607പ്രവർത്തികൾ ഉള്ളതിൽ 245 എണ്ണമാണ് എറ്റെടുത്തു നടപ്പാക്കിയത്. 362 പ്രവർത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചു.

പ്രവർത്തികളുടെ സംക്ഷിപ്തവിവരം ചുവടെ ചേർക്കുന്നു

1.റോഡ് കോൺക്രീറ്റ് പ്രവർത്തികൾ: 11

2.ഭൂവികസനം പ്രവർത്തികൾ: 60

3.വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തികൾ: 61

4.ചെറുകിട ജലസേചന(വാച്ചാൽ)പ്രവർത്തികൾ: 42

5.വ്യക്തിഗത ആനുകൂല്യ പ്രവർത്തികൾ: 71

രജിസ്ട്രേഷൻ

ഓഡിറ്റ് വർഷം വരെ ആകെ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 8230 ആണ്. ഇതിൽ തൻവർഷ രജിസ്ട്രേഷൻ 248.

തൊഴിൽ, വേതനം

ആകെ 120525 മനുഷ്യദിനം തൊഴിൽ നല്കപ്പെട്ടു. 100 ദിവസം തൊഴിൽ ലഭിച്ചത് 120 കുടുംബങ്ങൾക്കാണ്. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 3402തൊഴിലാളികൾ സജീവമായുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

വേതനം ഇനത്തിൽ മുൻവർഷത്തെ ചെലവ് തൻവർഷം നല്കിയിട്ടില്ല. തൻവർഷത്തേക്ക് മാത്രം വേതന ചെലവ് 21387923/-രൂപയാണ്.

## 1-25 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

1.പ്രോജക്ട് നം - 101/20-21

പ്രോജക്ടിന്റെ പേര് -തുടർ വിദ്യഭ്യാസ പരിപാടി-തുല്യതാ പരീക്ഷ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

വികസന ഫണ്ട് - 20,000/-

ചെലവുതുക. 9,250/-(ബിൽ നം.285/20-21/26.3.21)

2.പ്രോജക്ട് നം - 105/20-21

പ്രോജക്ടിന്റെ പേര് -തുടർ വിദ്യഭ്യാസ പരിപാടി-തുല്യതാ പരീക്ഷ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

വികസന ഫണ്ട് - 50,000/-

ചെലവുതുക. 45,000/-(ബിൽ നം.286/20-21/26.3.21)

ഗവ.യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ ക്രമനമ്പർ ഒന്നാം പ്രോജക്ട് പ്രകാരം, രജിസ്ട്രേഷൻ ഫീസ് കോഴ്സ് ഫീസ് ഇനത്തിൽ 9,250/-രൂപയും രണ്ടാം പ്രോജക്ട് പ്രകാരം 45,000/- രൂപയും കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പഠിതാക്കളുടെ അപേക്ഷ, പരീക്ഷയിൽ പങ്കെടുത്തവരുടെ വിവരം, സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ, സാക്ഷരതാമിഷനിൽ നിന്നുള്ള തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കുന്നതുവരെ ചെലവുതുകയായ 54,250/-തടസ്സപ്പെടുത്തുന്നു.

## 1-26 കോവിഡ് - അവലോകനം

സർക്കാർ ഉത്തരവ് 831/2020 തീയതി 6/5/2020 പ്രകാരം തദ്ദേശ സ്ഥാപനതലകമ്മിറ്റി രൂപീകരിച്ചു 11/05/2020 ൽ ചേർന്ന പ്രഥമ യോഗത്തിൽ 14 പേർ പങ്കെടുത്തു പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ ഹോസ്റ്റലുകൾ സി.എഫ്.എൽ.റ്റി.സികളായി പരിഗണിക്കുന്നതിന് തീരുമാനിച്ചു. വാർഡുസമിതികൾ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനും തീരുമാനിച്ചു.

കോവിഡ്-19 വ്യാപനത്തിന്റെ തുടക്കത്തിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പഞ്ചായത്തിലെ നിർദ്ധനർ, അഗതി കുടുംബങ്ങൾ, കിടപ്പുരോഗികൾ തുടങ്ങിയവർക്ക് കുടംബശ്രീയുമായി ചേർന്ന് 28/03/2020 മുതൽ 27/04/2020 വരെ കമ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിരുന്നു. ആയതിന് 79180/- രൂപ വകസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും ചെലവാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരം 2020-21 ൽ 2 ജി.ഒ പ്രോജക്റ്റുകൾ ഏറ്റെടുത്തിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മാസ്ക്ക്, സാനിട്ടൈസർ, ചൂർണ്ണം എന്നിവ വാങ്ങുന്നതിനായി 1/5/2020 ലെ പ്രേക്യർമെന്റ് തീരുമാനം പ്രകാരം പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിലെ 6000 കുടുംബങ്ങൾക്ക് 100 മി.ലി. ന്റെ 1 ബോട്ടിൽ വീതവും (ഹോകോയിൽ നിന്ന് വാങ്ങിയത്) 2 മാസ്കും 50 ഗ്രാമിന്റെ അപരാജിത ചൂർണ്ണവും (പാട്ടിയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് വാങ്ങിയത്) ഹരിതകർമ്മസേനാ പ്രവർത്തകർ മുഖാന്തിരം വിതരണം ചെയ്തു.

കൂടാതെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പി.പി.ഇ കിറ്റ്, സാനിട്ടൈസർ, എന്നിവ വാങ്ങിനൽകി. കൂടാതെ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം 100 പൾസ് ഓക്സിമീറ്ററുകൾ വാങ്ങി പി.എച്ച്.സിയിൽ നൽകുകയുണ്ടായി. 20-21 കാലയളവിൽ 253104/ രൂപ പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് സെക്ടറൽ മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം 17/04/2021 ൽ കോവിഡ് ജാഗ്രതാസമിതി കൂടുകയുണ്ടായി. ടി യോഗത്തിൽ കോവിഡ് ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കുടംബശ്രീ, രാഷ്ട്രീയപാർട്ടികൾ, തൊഴിലാളികൾ, ഓട്ടോഡ്രൈവർമാർ തുടങ്ങിയവരെ ടെസ്റ്റ് ചെയ്യുന്നതിനും തീരുമാനിച്ചു. കൂടാതെ വാക്സിനുകൾ നൽകിത്തുടങ്ങുന്നതിന് 4 സ്കൂളുകൾ തെരഞ്ഞെടുത്തു.

കോവിഡ് വ്യാപനം തടയുന്നതിന് വാർഡുകൾതോറും മൈക്ക് അനൗൺസ്മെന്റ് നടത്തി. വാക്സിൻ എടുക്കുവാനുള്ള 45 വയസ്സിനുമേൽ പ്രായമായവർക്ക് അടിയന്തിരമായി വാക്സിൻ ലഭ്യമാക്കുന്നതിനായി എച്ച്. ഐ മാരെ ചുമതലപ്പെടുത്തി.

സർക്കാർ അപ്പപ്പോൾ നൽകുന്ന ഉത്തരവുകളും മാനദണ്ഡങ്ങളും മാനിച്ചുകൊണ്ട് വാർഡ്തല സമിതികൾ, ആർ.ആർ.റ്റി.മാർ എന്നിവരെ വേണ്ടവിധം സജ്ജമാക്കി ജനപ്രതിനിധികളുടെ സഹായത്തോടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

4/4/2021 ൽ കോവിഡ്- 19 രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ പ്രവർത്തനമാരംഭിച്ചു. ആംബുലൻസും (വാടകയ്ക്ക്) പ്രവർത്തനമാരംഭിച്ചു. പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് കോർ കമ്മിറ്റി യോഗം കൂടി കോവിഡ് അവലോകനം നടത്തുന്നുണ്ട്.

9/12/2021 ൽ ചേർന്ന കോർകമ്മിറ്റി യോഗത്തിൽ കോവിഡിന്റെ വകഭേദമായ ഒമിക്രോൺ വ്യാപനം തടയുന്നതിലേയ്ക്ക് വിദേശത്തുനിന്നും വരുന്നവരെ 7 ദിവസം നിർബന്ധിത ക്വാറന്റൈൻ നടത്തുന്നതിനും അതിനുശേഷം കോവിഡ് പരിശോധന നടത്തുന്നതിനും തീരുമാനിച്ചു.

. പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിൽ നിലവിൽ വാക്സിനെടുക്കാനുള്ളവർ -132

. രണ്ടാം ഡോസെടുക്കാനുള്ളവർ- 312

. വാക്സിനെടുക്കാൻ വിസമ്മതിച്ചവർ -67

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

## നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് (പ്രോജക്ടുകളുടെ ക്രമത്തിലുള്ള നീക്കിയിരിപ്പ് ലഭ്യമല്ലാത്തതിനാൽ ആകെ നീക്കിയിരിപ്പ് ചേർക്കുന്നു) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 61264 | പാലിയേറ്റീവ് കെയർ | 61264 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | പൂരക പോഷകാഹാരം | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 81400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 81400 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 130000 | പാലിന് സബ്സിഡി | 130000 | - |
| | | | | | ആകെ: 718019 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | പൂരക പോഷകാഹാരം | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 165080 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 165080 | - |
| | | | | | ആകെ: 460347 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | Go(M.S.)No.68/18/LSGD/18-5-18 | 16941666 | 16941666 | 0 | 0 | വായ്പ വിവരം പരിശോധിക്കാനാവശ്യമായ രജിസ്റ്ററോ മറുപടിയോ ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിലെ നീക്കിയിരിപ്പ് ഉൾപ്പെടുത്തുന്നു. |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74579043 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79081168 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,54,250 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,00,000 | ശ്രീ. റോഷൻആന്റണി, വി.ഇ.ഓ |
| 1-25 | 54,250 | ശ്രീ.വിത്തവാൻ,ഹെഡ്മാസ്റ്റർ |
| | 4,54,250 | |

സി കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-19 | 176983 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റോഷൻആന്റണി, വി.ഇ.ഓ | വി.ഇ.ഒ. പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | വെട്ടിവേലിക്കകം തോണ്ടൻകുളങ്ങര, ആലപ്പുഴ |
| ശ്രീ. വിത്തവാൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ഗവ. യു.പി.സ്കൂൾ,പുളിങ്കുന്ന് | പുത്തൻപറമ്പ് കൈനടി, നീലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 (ചെലവ്) | എൽ.എഫ്-എ10-634/98/13.7.99/10.11.1999 |
| 1998-99 (ചെലവ്) | എൽ.എഫ്-ജി.എ5-1832/11/24.01.2012 |
| 1990-00, 2001-02 (പദ്ധതി വിഹിതം ചെലവ്) | എൽ.എഫ്-ജി.എ5-1832/11/24.01.2012 |
| 2004-05 | എൽ.എഫ്.എ-പി.1 & ഡി.പി-1150/10/27.04.2011 |
| 2005-06 | എൽ.എഫ്.എ-പി.1 & ഡി.പി--1151/10/27.04.2011 |
| 2006-07 | എൽ.എഫ്-ജി.എ.5-575/14/09.05.2014/09.06.2014 |
| 2007-08 | എൽ.എഫ്-ജി.എ5-575/14/09.05.2014/09.06.2014 |
| 2008-09 & 2009-10 | എൽ.എഫ്-ജി.എ5-575/14/09.05.2014/09.06.2014. |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ-പി10-756/2014/19.05.2015 |
| 2013-14 & 2014-15 | കെ.എസ്.എ-എ.എൽ.പി-പി10-1461/15/24.11.2015 |

| | |
|---|---|
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.10-49/17/27.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.10-49/17/27.01.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.10-284/19/13.05.2019 |
| 2018-2019 | കെ.എസ്.എ-എ.എൽ.പി-പി.10-235/2020/29.5.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾസ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്